പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 139 | 12.06.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ കോൺട്രാക്ട് ക്യാരേജ് സർവ്വീസുകൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ.പി.കെ. അബ്ദു റബ്ബ്<br>" കെ.എൻ.എ. ഖാദർ<br>" എം. ഉമ്മർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | അന്തർ സംസ്ഥാന യാത്രക്കാരുടെ തിരക്ക് പരിഹരിക്കുന്നതിന് സ്വകാര്യ ബസ്സുകളുടെ മാതൃകയിൽ കെ.എസ്.ആർ.ടി.സി. ബംഗളൂരു വിലേക്കടക്കം കോൺട്രാക്ട് ക്യാരേജ് സർവ്വീസുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നതിന് ഉത്തരവാദിത്വമുള്ള പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.ക്ക്, അനധികൃതമായും മറ്റ് വ്യവസ്ഥകളിലൂടെയും സർവ്വീസ് നടത്തുന്ന സ്വകാര്യ കോൺട്രാക്ട് ക്യാരേജുകളുടെ മാതൃകയിൽ സർവ്വീസുകൾ നടത്തുവാൻ കഴിയുകയില്ല. എന്നാൽ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ കൂടുതൽ അന്തർസംസ്ഥാന സർവ്വീസുകൾ 2019 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി നടത്തി വരുന്നു. ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ്നാടുമായുള്ള അന്തർ സംസ്ഥാന ഗതാഗത കരാർ രൂപീകരിച്ച് നടപടികൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി കോട്ടയം - കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻ ബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ - വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട് - നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പെർമിറ്റുകൾക്ക് അപേക്ഷ നൽകി കഴിഞ്ഞു. തമിഴ്നാടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധിക്കാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ |

| | | | |
|---|---|---|---|
| | | | യാത്രാതിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവ കാലത്തും ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളി ച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റ് എടുത്ത് ഉപയോഗിച്ച് വരികയാണ്. |
| (ബി) | ഇതിനായി കെ.എസ്.ആർ.ടി.സി., എൽ.എ.പി.ടി. ലൈസൻസുകൾ എടുത്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇക്കാര്യത്തിന് എപ്രകാരം ബസ്സു കൾ സംഘടിപ്പിക്കാനാണ് ഉദ്ദേശി ക്കുന്നത് ; പ്രസ്തുത സർവ്വീസുകളുടെ വിശദാംശം വെളിപ്പെടുത്തുമോ? | (സി) | 50 പ്രീമിയം എ.സി. മൾട്ടി ആക്സിൽ ബസ്സുകൾ കാഷ്വൽ കോൺട്രാക്ട് വ്യവസ്ഥയിൽ ലഭ്യമാ ക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയിൽ ബസ്സുകൾ മൂന്ന് മാസക്കാലയള വിലേക്ക് ലഭ്യമാക്കുന്നതിന് 30.04.2019-ൽ ദർഘാസ് ക്ഷണിച്ചിരുന്നു. കേരള സർക്കാരിന്റെ ഇ-പോർട്ടൽ വഴി ക്ഷണിച്ച ഈ ദർഘാസിൽ ആരും പങ്കെടുത്തില്ല. ഈ സാഹചര്യത്തിൽ വ്യവസ്ഥകൾ പുനഃപരി ശോധിക്കുകയും മൂന്ന് മാസക്കാലയളവ് എന്നത് ഒരു വർഷക്കാലയളവായി ഉയർത്തി സർക്കാരിന്റെ ഇ-പോർട്ടൽ മുഖാന്തിരം പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**